''ജലാശയങ്ങളുടെ നവീകരണത്തിനുള്ള കേന്ദ്ര പദ്ധതി''

109 [411] *ശ്രീ. ലൂഡി ലൂയിസ്:*
,, ജോർജ്ജ് ജെ. മാത്യു:
പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയുമായി നേരിട്ട് ബന്ധമുള്ള ജലാശയങ്ങളുടെ കേടുപാട് പോക്കൽ, നവീകരണം, സംരക്ഷണം എന്നിവയ്ക്കായുള്ള ദേശീയ പ്രോജക്ടിന്റെ പരിധിയിൽ സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരമുള്ള ജോലികളുടെ ചെലവ് കേന്ദ്ര ഗവൺമെന്റ് വഹിക്കുമോ;

(സി) സംസ്ഥാനത്തെ ഒരു ജില്ലയെക്കൂടി ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളെ ഉൾപ്പെടുത്താൻ വേണ്ടിയുള്ള പൈലറ്റ് പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 75:25 (കേന്ദ്രം, സംസ്ഥാനം) എന്നീ രീതിയിലാണ് ചെലവ് വഹിക്കുന്നത്.

(സി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് പരമാവധി രണ്ടു ജില്ലകളെ മാത്രമേ ഉൾപ്പെടുത്താൻ ഇപ്പോൾ വ്യവസ്ഥയുള്ളൂ.

നെല്ല് സംഭരണം

110 [412] *ശ്രീ. കെ. മോഹൻ കുമാർ:*
,, വി. ജെ. പൗലോസ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. കാർത്തികേയൻ:
,, ഇ. എം. ആഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സീസണിൽ നെല്ല് സംഭരണം നടത്തിയ പല ഏജൻസികളും സംഭരിച്ച നെല്ലിന് ഗവൺമെന്റ് പ്രഖ്യാപിച്ച വില നൽകിയിട്ടില്ല എന്നുള്ള ആരോപണം ഉണ്ടായിട്ടുണ്ടോ;

GPM. 2/360/2012.—21

LIBRARY ARCHIVES Kerala Legislative Assembly